പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4912

24/07/2015 –ൽ
മറുപടിയ്ക്ക്

## ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. കെ. ദാസൻ.

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക 201 ഹെക്ടർ 05 ആർ 26 ച.മി (496 ഏക്കർ 60 സെൻറ് 834 ച.മി) സ്ഥലം അന്യാധീനപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 11.0094 ഹെക്ടർ ദേവസ്വം ഭൂമിയിൽ അനധികൃത കയ്യേറ്റം നടത്തിയിട്ടുള്ളതായി സ്പെഷ്യൽ ദേവസ്വം തഹസിൽദാർ (എൽ.സി.യൂണിറ്റ്) നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടേതായി 24693.24 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ കയ്യേറ്റങ്ങൾ ഒന്നുംതന്നെയില്ല. കൂടൽ മാണിക്യം ദേവസ്വത്തിൽ 18.32½ ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. |
| ബി) അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചു പിടിക്കാൻ ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി സ്വീകരിച്ചിട്ടുണ്ട്. 2011 മുതൽ 2015 ജൂൺ വരെ 13 ഹെക്ടർ 48 ആർ 58 ച.മീ (33 ഏക്കർ 31 സെൻറ് 853 ച.മീ) ഭൂമി അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം ഒഴിവാക്കുന്നതിന് സ്പെഷ്യൽ ദേവസ്വം തഹസീൽദാർ മുഖേന ദേവസ്വം ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും കണ്ടെത്തുന്ന അനധികൃത കയ്യേറ്റം 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ച് ഒഴിപ്പിച്ചെടുത്തു വരുന്നുണ്ട്. മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും, കയ്യേറപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള |

ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭി ക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലാണ്. കൂടൽ മാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വെയറേയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സി) അന്യാധീനപ്പെട്ട പന്തല്ലൂർ ക്ഷേത്ര ഭൂമി തിരിച്ചെടുക്കുന്നതിന് നിയമ തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടു ക്കാൻ നടപടി സ്വീകരി ക്കാതിരുന്നതിൻെറ കാരണം അറിയി ക്കുമോ?

സി) ശ്രീ പന്തല്ലൂർ ക്ഷേത്രഭൂമി സംബന്ധിച്ച് പന്തല്ലൂർ ദേവസ്വം ട്രസ്റ്റി സാമൂതിരി രാജയും ക്ഷേത്രസംരക്ഷണ സമിതി പ്രസിഡൻറ് ശ്രീ കെ.പി. മണികണ്ഠനും ഫയൽ ചെയ്ത ഹർജിയിന്മേലുള്ള ഏറനാട് അഡീഷണൽ തഹസിൽദാരുടെ ഉത്തരവിലും തുടർന്ന് ആർ.ഡി.ഒ. മുമ്പാകെയുള്ള അപ്പീൽ ഹർജിയിലെ ഉത്തരവിലും മലബാർ ദേവസ്വം ബോർഡ് കക്ഷിയായിരുന്നില്ല. പ്രസ്തുത ഉത്തരവുകൾ ദേവസ്വത്തിന് അനുകൂലമായിരുന്നു. ദേവസ്വത്തിന് അനുകൂലമായ ഉത്തരവിനെതിരെ ഹർജിക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റിവിഷൻ ഹർജിയിൽ പ്രസ്തുത ഭൂസ്വത്തിൻെറ നിലവിലുള്ള സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യൂ.പി.(സി) നം. 9391/08 ൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ